# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1389 | 03.12.2015-ൽ മറുപടിയ്ക്ക്

## ദേശീയപാതകളിൽ ടോൾ പിരിവ്

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. കെ.അജിത്** | | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്** (പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ദേശീയപാതകളിൽ നിന്നും ടോൾ പിരിക്കുന്നതിന്റെ മാനദണ്ഡം എന്തൊക്കെയാണ് ; ഇത്തരം ടോൾ പിരിവിന് കാലാവധി നിശ്ചയിച്ചിട്ടുണ്ടോ ; | (എ) | കേന്ദ്ര സർക്കാരിന്റെ ദേശീയപാത ഫീസ് (നിരക്കുകളും തുകയും നിശ്ചയിക്കൽ) നിയമം 2008 ഉം , അതിന്റെ 2013-ലെ ഭേദഗതി നിയമവും പ്രകാരമാണ് ദേശീയപാതകളിൽ ടോൾ പിരിക്കുന്നത്. പ്രസ്തുത നിയമപ്രകാരം ടോൾ പിരിവ് നിരന്തരമാണ് (perpetual). |
| (ബി) ടോൾ പിരിവ് സംബന്ധിച്ച് സംസ്ഥാനത്ത് തുടർച്ചയായി നിലനിൽക്കുന്ന തർക്കങ്ങളും സംഘർഷങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് സംബന്ധിച്ചുള്ള വ്യവസ്ഥകളും നിബന്ധനകളും പൊതുജനസമക്ഷം വെളിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) | നിലവിൽ തർക്കങ്ങളും സംഘർഷങ്ങളും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ദേശീയ പാതയിലെ ടോൾ പിരിവ് സംബന്ധിച്ച എല്ലാ നിയമങ്ങളും, ഉത്തരവുകളും ഇൻഡ്യാ ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. |
| (സി) ടോൾ പിരിവിൽ വരുത്തുന്ന വർദ്ധന സംബന്ധിച്ചുള്ള നടപടി ക്രമങ്ങളും നിബന്ധനകളും വിശദമാക്കാമോ ; | (സി) | കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ 2007-ലെ ഇൻഡ്യാ ഗസറ്റ് വിജ്ഞാപന പ്രകാരമുള്ള ടോൾ നിരക്ക് അടിസ്ഥാനമാക്കി വർഷത്തിൽ 3% വർദ്ധനവും (Non compounding) അതിനോടൊപ്പം 2007-ലെ wholesale price index-ഉം അടിസ്ഥാനമാക്കി ഉണ്ടാകുന്ന വർദ്ധനവും ഉൾപ്പെടുത്തിയാണ് ഓരോ വർഷവും ടോൾ നിരക്ക് നിശ്ചയിക്കുന്നത്. |
| (ഡി) സർവ്വീസ് റോഡുകൾ പൂർത്തിയാക്കാത്ത സ്ഥലങ്ങളിൽ ടോൾ പിരിവ് നടത്തുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**